Vol No.31 No.02 February 2022 കെസിബിസി മീഡിയ Rs.5.00

# വത്തിക്കാൻ തരംഗം





**സന്യസ്തരും സമർപ്പിതരുമായ സ്ത്രീകൾക്കുവേണ്ടി**

*സന്യസ്തരും സമർപ്പിതരുമായ സ്ത്രീകൾക്കും വേണ്ടി പ്രാർത്ഥിക്കാം. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് നവമായി പ്രതികരിക്കാൻ അവർക്ക് കഴിയട്ടെ.*

– ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഫെബ്രുവരി 2022



വിശുദ്ധ രക്തസാക്ഷി ദേവസഹായംപിള്ള യുടെ
പ്രേഷിതവൃത്തിയാൽ ധന്യമായ തെക്കിന്റെ കൊച്ചു പാദുവ
കമുകിൻകോട്
തീർത്ഥാടന
ദൈവാലയത്തിൽ
വിശുദ്ധ അന്തോണീസിന്റെ
തീർത്ഥാടനതിരുനാൾ
2022
ഫെബ്രുവരി
15 മുതൽ
27 വരെ
തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേരാൻ
തിരുവനന്തപുരം - ബാലരാമപുരം - വഴിമുക്ക് -
അവണാകുഴി- കമുകിൻകോട്
ST. ANTONY'S PILGRIM CHURCH (DIOCESE OF NEYYATTINKARA),
Kamukincode, Kodangavila P.O.,
Aralumoodu, TVM - 695 123, Ph: 0471 2123063, Mob: 9495142952,

# വത്തിക്കാൻ തരംഗം

**VATHIKAN THARANGAM**

February -2022

RN. 55 178/94

Monthly

പുസ്തകം- 32

ലക്കം-2

## ഉള്ളടക്കം

- എഡിറ്റോറിയൽ 4
- രോഗീദിന സന്ദേശം 5
- സർക്കുലർ 10
- നന്മയിൽ വിശ്വസിക്കൂ 14
- തീരദേശത്തെ 16
- നീതിമാന്മാരുടെ 17
- വത്തിക്കാൻ വാർത്തകൾ 21 29
- വാർത്തയും ചിന്തയും 42

മുഖ്യരക്ഷാധികാരി ◆ **ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി**

രക്ഷാധികാരികൾ ◆ **ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**

◆ **ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

ചീഫ് എഡിറ്റർ ◆ **ഡോ. എബ്രാഹം ഇരിമ്പിനിക്കൽ**

എഡിറ്റർ ◆ **ആന്റണി ചടയംമുറി**

പത്രാധിപസമിതി

◆ **ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി** ◆ **ഡോ. ജേക്കബ്ബ് പ്രസാദ്**

◆ **ഡോ. ജോളി കരിമ്പിൽ** ◆ **ബ്രദർ തോമസ് പോൾ കൊടിയൻ**

ലീഗൽ അഡ്വൈസർ ◆ **അഡ്വ . റെനിൽ ആന്റോ**

ലേ ഔട്ട് & ഡിസൈൻ ◆ **മനു ആന്റണി**

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



# വെബിനിവേശ കാലത്തെ സത്യം

കാരുണ്യത്തിന്റെ യാത്രയിൽ ബുദ്ധിമുട്ടുന്ന മനുഷ്യനൊപ്പം നിൽക്കാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ഈ വർഷത്തെ രോഗീദിനം ഫെബ്രുവരി 11ന് ആചരിക്കുന്നത്. 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുക' (ലൂക്കാ 6/36). ദൈവകരുണയുടെ മുഖമായ ക്രിസ്തുവിനെ ധ്യാനിക്കാൻ ഒരുവർഷം പ്രത്യേകമായി മാറ്റിവച്ചിരുന്നു. കരുണയുടെ വാതിൽ മനുഷ്യന്റെ ഉള്ളിൽ എന്നും തുറന്നു കിടക്കണമെന്നാണ് ദൈവപുത്രൻ ജീവിച്ചു പഠിപ്പിച്ചത്. ലോകമെങ്ങുമുള്ള ക്രൈസ്തവ മിഷണറിമാർ ചെയ്യുന്ന കാരുണ്യ പ്രവർത്തനങ്ങൾ അമൂല്യമാണ്. അഭയാർത്ഥികൾ, തെരുവിൽ അലയുന്നവർ, അംഗവൈകല്യമുള്ളവർ, അനാഥർ, രോഗികൾ ഇങ്ങനെ മനുഷ്യസമൂഹം ലാഭകരമല്ലെന്നു കരുതി മാറ്റിനിർത്തുന്ന മനുഷ്യജീവിതങ്ങളെ ഹൃദയത്തിലും ഭവനത്തിലും ഏറ്റെടുക്കുന്ന സമർപ്പിതർ ഉണ്ടെന്നത് ഇനിയും ഭൂമിയിൽ നന്മ വറ്റിയിട്ടില്ല എന്ന് നമ്മെ വിശ്വസിപ്പിക്കുന്നു. ജനുവരി അവസാന ഞായറിലെ അറുപത്തൊമ്പതാം കുഷ്ഠരോഗദിനത്തിന്റെ സന്ദേശവും മറ്റൊന്നായിരുന്നില്ല. 'ഔന്നത്യത്തിന്റെ ഐക്യത്തോടെ' എന്ന സന്ദേശം സകലമനുഷ്യരും ലഭിക്കേണ്ട ഔന്നത്യത്തെക്കുറിച്ച് കമ്പോളലോകത്തെ ഓർമ്മപ്പെടുത്തുന്നു.

ഈ വെബിനിവേശ കാലത്ത് അഭിപ്രായങ്ങൾ വാർത്തകളും, വാർത്തകൾ സത്യങ്ങളുമാണെന്ന് ലോകം ധരിക്കുന്നു. വാർത്തയിലെ വാസ്തവം പരിശോധിക്കണമെന്ന് ഫ്രാൻസിസ് പാപ്പ മാധ്യമപ്രവർത്തകരോട് പറഞ്ഞതിന്റെ പൊരുൾ അനുദിനം നൂറുകണക്കിന് സന്ദേശങ്ങളുടെ ശരിതെറ്റുകൾ നോക്കാതെ ഫോർവേഡും ഷെയറും ലൈക്കും ചെയ്യുന്ന നമുക്ക് തിരിച്ചറിയാൻ ശ്രമിക്കാം. ചില തൽപ്പരകക്ഷികളുടെ വ്യാജ വാർത്താനിർമ്മാണ ഫാക്ടറികൾ അനുദിനം കാപട്യത്തെ സത്യത്തിന്റെ വേഷഭൂഷകളോടെ പുറത്തിറക്കുകയാണ്. നാം അതിന്റെ ഇരകളാണ്. വാർത്ത ചിലരുടെ വ്യാജനിർമിതികളാണെന്ന് അറിയാതെ നാം പരസ്പരം കലഹിക്കുന്നു. തീവ്രവാദികളുടെ ഇരകളാകുന്നു, ചതിക്കപ്പെടുന്നു. പരമ്പരാഗതമായി നന്മമാത്രം അനുഷ്ഠിക്കുന്നവരെ സമൂഹത്തിൽ അപഹസിക്കുന്ന ഈ വ്യാജന്മാരും തീവ്രവാദികളും എക്കാലത്തും സത്യത്തെ മറയ്ക്കാൻ മാത്രം കരുത്തുള്ളവരല്ല. ധൈര്യപൂർവ്വം നമുക്ക് കാരുണ്യത്തെ സത്യസന്ധമായി ആഘോഷിക്കാം, ചതിയിടങ്ങളെ വെളിച്ചത്തു കൊണ്ടുവരാം.



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

സന്ദേശം



# നമ്മുടെ സൗഖ്യദായകശുശ്രൂഷകൾ ഹൃദയങ്ങളെ തൊടട്ടെ

***മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം***

മുപ്പതു വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ്–19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെക്വിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടത്തുന്നത്.

**ദൈവത്തിന്റെ പേര് കരുണ**

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തി



രിക്കുന്ന, "നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരി ക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന പ്രമേയം "കരുണാസമ്പന്നനായ" (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽ നിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രതയോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

## വേണം , സ്നേഹസാക്ഷികളുടെ സാന്നിധ്യം

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസം

ഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ – അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെയാണ ചെലവിട്ടതെങ്കിലും – നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

## സാന്ത്വനിപ്പിക്കുന്നത് ക്രിസ്തു ശരീരത്തെ

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവുംകൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിതദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ



വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്ത രവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്ര ത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പു രോഗതിയെ ഓർത്ത് നമുക്കു കർത്താവി നു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികിത്സകൾ തയ്യാ റാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യ കൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കു ന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോ ഗിയുടെയും വ്യതിരിക്തതയും അവന്റെയും അവളുടെയും മാഹാത്മ്യവും ബലഹീനത കളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്ത രുത്. രോഗത്തെക്കാൾ പ്രധാനം രോഗി കളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവ ന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠ കളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികിത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല.

## നല്ല സമരിയക്കാരന്റെ സത്രങ്ങൾ

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്ന തിന്റെ ഭാഗമായി അസംഖ്യം "നല്ല സമ റിയാക്കാരന്റെ സത്രങ്ങൾ" തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേ രിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്ര്യത്താലും സാമൂ ഹ്യബഹിഷ്കരണത്താലും ചില രോഗ ങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്ന ങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാ ത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യ ങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ വിലകൊടുക്കുന്ന വർ. പിതാവിനെപ്പോലെ അനുകമ്പാർ ദ്രരായിരുന്നുകൊണ്ട് അസംഖ്യം മി ഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപ ത്രികളും ചികിത്സാലയങ്ങളും ശുശ്രൂഷാകേ ന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യ മായ ഉപാധികളാണിവ.

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെ ടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോ ടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങ ളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടു ള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെ യ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരു ടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുക യും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകു ടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? "പ്രയോജനരഹിതത്വ ത്തിന്റെ സംസ്കാരം" (culture of waste ) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹ ചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ട തും ആണെന്ന് അംഗീകരിക്കാത്ത സാഹ ചര്യത്തിൽ, "ദയാഭവനങ്ങൾ" പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കു ന്നതിലും ശുശ്രൂഷിക്കുന്നതിലും - അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ - മാതൃകാപരമായവ യാണ്.



**ഓരോ വ്യക്തിയുടെയും കടമ**

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യപരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ – ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ – അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധാക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? "ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

രോഗികളെയും അവരുടെ കുടുംബങ്ങളെയും "രോഗികളുടെ ആരോഗ്യമായ" മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരിചരണവും അതോടൊപ്പം സാഹോദര്യതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.



കെ സി ബി സി സർക്കുലർ

# സഭ : ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലറിന്റെ സംക്ഷിപ്തമാണിത്

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിന്റെയും പുതിയനാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

കേരളസഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്ത വാക്യം "സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസു കാർക്കെഴുതിയ ലേഖനം 2:20–22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

"അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അത് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതികശരീരവും ദൈവത്തിന്റെ ഭവനവുമായി പരിശുദ്ധാത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻ ചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യം വഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ





ഏക ശരീരമായിത്തീരുന്നു (1 കോറി 12:12–26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തുവിശ്വാസിയുടെ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.

സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, ' സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾ ക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം.

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ് കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്കവിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ

'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചന പ്രഘോഷണം കൂദാശ കളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്" എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ





# നന്മയിൽ വിശ്വസിക്കൂ, നന്മ ചെയ്യൂ : പാപ്പ



*2022 ജനുവരി 30 ന് പരി. പിതാവ് ഫ്രാൻസീസ് പാപ്പ ലൂക്ക4:21-31 വരെയുള്ള സുവിശേഷ ഭാഗത്തെ വിശദീകരിച്ച് സംസാരിച്ചു.*

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**

2022 ജനുവരി 30 ന് പരി. പിതാവ് ഫ്രാൻസീസ് പാപ്പ ലൂക്ക4:21-31 വരെയുള്ള സുവിശേഷ ഭാഗത്തെ വിശദീകരിച്ച് സംസാരിച്ചു.

ഈ സുവിശേഷമനുസരിച്ച് ഈശോയ്ക്ക് ലഭിക്കുന്നത് അംഗീകാരത്തിനു പകരം തെറ്റിദ്ധാരണയും ശത്രുതയുമാണ്. ഈശോയുടെ നാട്ടുകാർക്ക് സത്യത്തിന്റെ ഒരു വാക്കിനേക്കാൾ കൂടുതൽ അത്ഭുതങ്ങളും വിസ്മയ അടയാളങ്ങളുമാണ് വേണ്ടിയിരുന്നത്. കർത്താവാകട്ടെ അത് ചെയ്യുന്നില്ല. കേൾവിക്കാർ ഇവൻ ജോസഫിന്റെ മകനാണ് എന്നെല്ലാം പറഞ്ഞ് ഈശോയെ തിരസ്കരിക്കുകയാണ്. ഈശോയുടെ പരാജയം തികച്ചും അപ്രതീക്ഷിതമായിരുന്നില്ല. ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല എന്ന് പറഞ്ഞ് ഈശോ തന്റെ ജനത്തെ തനിക്കറിയാം എന്ന് വെളിവാക്കുന്നുണ്ട്. തന്നെ സ്വീകരിക്കാത്ത, മനസിലാക്കാത്ത ആളുകൾക്ക് നന്മ ചെയ്യാൻ ഈശോ ഇവിടെ നമ്മെ പഠിപ്പിക്കുന്നുവെന്നാണ് പാപ്പാ പറയുന്നത്. തന്നെ സ്വീകരിക്കാൻ സന്നദ്ധരല്ലാത്ത

ആളുകൾക്ക് എന്തിനാണ് നന്മ ചെയ്യുന്നത്? നമ്മൾ പലപ്പോഴും സ്വയം ചോദിക്കുന്ന ചോദ്യമാണിത്. എന്നാൽ ദൈവത്തെ കൂടുതൽ നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന ഒരു ചോദ്യമാണിത്. നമ്മുടെ അടച്ചുപൂട്ടലുകൾക്ക് മുമ്പിൽ ഈശോ പിന്മാറില്ല മറിച്ച് മുന്നേറുകയാണ്. മക്കളുടെ നന്ദികേടിനെ കുറിച്ചു ബോധവാന്മാരാണെങ്കിലും അവരെ സ്നേഹിക്കുന്നതും അവർക്ക് നന്മ ചെയ്യുന്നതും അവസാനിപ്പിക്കാത്ത മാതാപിതാക്കളെ ശ്ലാഘിച്ച് പാപ്പാ സംസാരിക്കുന്നു. ദൈവം വളരെ ഉയർന്ന തലത്തിൽ നമ്മെ പഠിപ്പിക്കുന്നതിതാണ്. നന്മയിൽ വിശ്വസിക്കാനും നന്മ ചെയ്യുന്നതിനുള്ള ഒരവസരം പോലും  പാഴാക്കാതിരിക്കാനും ഈശോ നമ്മെ ക്ഷണിക്കുന്നു എന്നാണ് പാപ്പാ പ്രബോധിപ്പിക്കുന്നത്.

ഇത്തരത്തിലുള്ള സന്നദ്ധതയും താഴ്മയും എളിയവരിൽ, ദൈനംദിന യാഥാർത്ഥ്യങ്ങളിൽ കാണിക്കുമ്പോൾ  ഈശോ സന്നിഹിതനാകും. ഈശോയുടെ വഴികളും വെല്ലുവിളികളും പരാതികളില്ലാതെ സംശയം കൂടാതെ, വിമർശനങ്ങളില്ലാതെ, നിരാശാഭാവം കൂടാതെ സ്വീകരിക്കുന്നവർക്കേ അവിടുത്തെ സാന്നിദ്ധ്യമനുഭവവേദ്യമാകൂ. ഈ സ്വാഗത മനോഭാവമില്ലെങ്കിൽ യേശുവിനെ കുറിച്ച് അജ്ഞരാണ് നമ്മളെന്ന് പാപ്പാ ഊന്നിപ്പറയുന്നു. പാപ്പാ ചോദിക്കുന്നു 'നമ്മൾ സ്വാഗത സന്നദ്ധതയുള്ളവരാണോ അതോ ഈശോയെ കുറിച്ച് എല്ലാം അറിയാമെന് കരുതിയ അവന്റെ നാട്ടുകാരെ പോലെയാണോ?' 'ഞാൻ ദൈവശാസ്ത്രം പഠിച്ചു, ഞാൻ മതബോധന പാഠ്യപദ്ധതി പഠിച്ചു, എനിക്ക് യേശുവിനെ കുറിച്ച് എല്ലാം അറിയാം എന്നെല്ലാം പറയുന്ന  വിഡ്ഢികളാകരുത് നാം. തുറന്ന മനസ്സും ലളിതമായ ഹൃദയവുമാണ് കർത്താവ് ആവശ്യപ്പെടുന്നത്. ഇതാണ് ഈശോയുമായുള്ള കൂടിക്കാഴ്ചയുടെ മനോഹാരിത. താഴ്മയുടേയും സന്നദ്ധതയുടെയും മാതൃകയായ പരിശുദ്ധ  അമ്മ ഈശോയെ സ്വാഗതം ചെയ്യാനുള്ള വഴി നമുക്ക് കാണിച്ചു തരുമെന്ന് പാപ്പാ പഠിപ്പിക്കുന്നു.





# തീരദേശത്തെ തൊട്ടറിഞ്ഞും , അതിരൂപതയെ അടുത്തറിഞ്ഞും ഒരു ഇടയൻ ...

തിരുവനന്തപുരം : തീരദേശത്തിന്റെ സ്പന്ദനങ്ങൾ ഹൃദിസ്ഥമാക്കിയ മോൺ. ഡോ . തോമസ് നെറ്റോയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ ഇടയൻ.


നിയുക്ത മെത്രാപ്പോലീത്ത തോമസ് നെറ്റോ 1964 ഡിസംബർ 29 ന് തിയതി ജേസയ്യ നെറ്റോയുടെയും, ഇസബെല്ല നെറ്റോയുടെയും മകനായി പുതിയതുറയിൽ ജനിച്ചു. സെന്റ് നിക്കോളാസ് എൽപി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ലൂർദ്പുരം സെന്റ്. ഹെലൻസ് സ്കൂളിലും കാഞ്ഞിരംകുളം പി. കെ. എസ്. എച്ച്. എസ്. സ്കൂളിലുമായി വിദ്യാഭ്യാസം നടത്തി. തുടർന്ന് വൈദികനാകാനായി സെന്റ്. വിൻസെന്റ് സെമിനാരിയിൽ ചേരുകയും ഡിഗ്രീ പഠനം പൂർത്തിയാക്കുകയും ചെയ്തു. സെന്റ് സേവ്യേഴ്സ് കോളേജിൽ പ്രീഡിഗ്രി പഠിച്ചു.

മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം ആലുവയിലെ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും 1983–86 കാലഘട്ടത്തിൽ തത്വ ശാസ്ത്രവും 1986–89 കാലഘട്ടത്തിൽ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കുകയും ചെയ്തു. 1989 ഡിസംബർ 19 ന് തീയതി പാളയം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു.

തുടർന്നുള്ള 5 വർഷക്കാലം പെരിങ്ങമ്മല, പാളയം ഇടവകകളിൽ സഹ വികാരിയായും പാളയം കാത്തലിക് ഹോസ്റ്റലിലെ അസി. വാർഡനായും, സഭൈക്യ–സംവാദ കമ്മീഷന്റേ എക്സിക്യൂട്ടീവ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. അക്കാലത്ത് തന്നെ സാമൂഹിക ശാസ്ത്രത്തിൽ ലോയോള കോളേജിൽ നിന്നും ബിരുദാനന്തരബിരുദവും നേടി.

തുടർന്ന് ഉപരി പഠനത്തിനായി 1995 – ഇൽ റോമിലേക്ക് പോവുകയും, റോമിലെ ഉർബാനിയാ യൂണിവേഴ്സിറ്റിയിൽ സഭാവിജ്ഞാനീയത്തിൽ ഗവേഷണ പഠനം പൂർത്തിയാക്കി തിരിച്ചെത്തി, തുടർന്ന് പേട്ട ഇടവക വികാരിയായി. 2000– 2004 കാലഘട്ടത്തിൽ ബി. സി. സി. യുടെ ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം 2003 മുതൽ 2010 വരെ മേനംകുളം സെന്റ്. വിൻസെന്റ് സെമിനാരി റെക്ടറുമായിരുന്നു. 2014–ൽ അതിരൂപതാ ശുശ്രൂഷകളുടെ എപ്പിസ്കോപൽ വികാരിയായി. തുടർന്ന് മുരുക്കുംപുഴ സെന്റ്. അഗസ്റ്റിൻ ദേവാലയത്തിലെ ഇടവക വികാരിയായും, കഴക്കൂട്ടം ഫൊറോന വികാരിയുമായിരുന്നു. നിലവിൽ അതിരൂപത ശുശ്രൂഷകളുടെ കോർഡിനേറ്ററായി സേവനമനുഷ്ഠിച്ചു വരികയാണ്.

**അഗസ്റ്റിൻ കണിപ്പിള്ളി**




# നീതിമാന്മാരുടെ പ്രാർത്ഥനയുടെ മൂല്യം



***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം – 4

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

നീതിമാന്മാരുടെ പ്രാർത്ഥനയെക്കുറിച്ചാണ് പരിശുദ്ധപിതാവ് പൊതുദർശ്ശന വേളയിൽ, വിചിന്തനം നടത്തിയത്. വത്തിക്കാന്റെ അപ്പസ്തോലിക കൊട്ടാരത്തിൽ നിന്ന് ഇറ്റാലിയൻ ഭാഷയിൽ അദ്ദേഹം നൽകിയ പ്രബോധനത്തിന്റെ പരിഭാഷ

മനുഷ്യരാശിക്കു വേണ്ടിയുള്ള ദൈവികപദ്ധതി നല്ലതാണ്. പക്ഷേ, അനുദിനജീവിതത്തിൽ നാം തിന്മയുടെ സാന്നിധ്യം അനുഭവിക്കുന്നു. അത് ഒരു അനുദിന അനുഭവമാണ്. ഉല്പത്തിപുസ്തകത്തിന്റെ ആദ്യ അധ്യായങ്ങൾ, മനുഷ്യവ്യാപാരങ്ങളിൽ പാപത്തിന്റെ വളർച്ചാധിഷ്ഠിത വികാസത്തെ വിവരിക്കുന്നു. ആദവും ഹവ്വയും (cf. ഉല്പ 3:17) ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ സംശയിക്കുന്നു. അവരുടെ ആനന്ദത്തെ തടസ്സപ്പെടുത്തുന്ന അസൂയാലുവായ ഒരു ദൈവവുമായിട്ടാണ് തങ്ങൾ ഇടപെടുന്നത് എന്ന് അവർ കരുതുന്നു. ഇവിടെയാണ് അവരുടെ നിയമലംഘനം ഉരുത്തിരിയുന്നത്: അവരുടെ ആനന്ദത്തിൽ ആഗ്രഹിക്കുന്ന ഉദാരമതിയായ ഒരു സ്രഷ്ടാവിൽ അവർ വിശ്വസിക്കുന്നില്ല. തിന്മയുടെ പ്രലോഭനത്തിനുവഴങ്ങി അവരുടെ ഹൃദയങ്ങൾ സ്വശക്തിയുടെ ചിത്തഭ്രമത്തിനു വഴങ്ങു



ന്നു: "വൃക്ഷത്തിന്റെ ഫലം കഴിച്ചാൽ നാം ദൈവത്തെപ്പോലെയാകും" (cf. വാക്യം 5). ഇതാണ് പ്രലോഭനം: ഹൃദയങ്ങളിൽ പ്രവേശിക്കുന്ന അതിമോഹമാണ് ഇത്. പക്ഷേ അവരുടെ അനുഭവം വിപരീതദിശയിൽ പോകുന്നു: അവരുടെ കണ്ണുകൾ തുറക്കപ്പെടുന്നു; തങ്ങൾ നഗ്നരാണ് എന്ന് അവർ മനസ്സിലാക്കുന്നു (cf.വാക്യം7), ഇത് മറക്കരുത്: പ്രലോഭകൻ മോശം പ്രതിഫലം നല്കുന്നവനാണ്. അവൻ നല്ല പ്രതിഫലം നല്കുന്നില്ല.


മനുഷ്യന്റെ രണ്ടാം തലമുറയിൽ തിന്മ അതിലേറെ ശിഥിലീകരണസ്വഭാവമുള്ളതും, ശക്തവും ആയിത്തീരുന്നു: കായേന്റെയും ആബേലിന്റെയും കഥ അതാണ് (cf. ഉല്പ 4:116). കായേന് സഹോദരനോട് അസൂയയാണ്. അസൂയയുടെ വിത്ത് അവിടെയുണ്ട്. അവൻ ആദ്യജാതനാണെങ്കിലും ആബേലിനെ എതിരാളിയായി, തന്റെ പ്രാമാണികതയെ അട്ടിമറിക്കുന്ന ഒരുവനായി കാണുന്നു. ഹൃദയത്തിൽ തിന്മ പ്രത്യക്ഷപ്പെടുന്നു. കായേന് അത് നിയന്ത്രിക്കാനാവുന്നില്ല. തിന്മ അവന്റെ ഹൃദയത്തിൽ പ്രവേശിക്കാൻ തുടങ്ങുന്നു, അപരനെ എപ്പോഴും മോശമായി സംശയത്തോടെ കാണുവാനുള്ള തരത്തിൽ അവന്റെ ചിന്തകൾ തിരിയുന്നു. അവന്റെ ചിന്തകളിലും ഇത് സംഭവിക്കുന്നു: "ഇവൻ തിന്മയാണ്, എന്നെ ഉപദ്രവിക്കും." ഈ ചിന്ത അവന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നു. അങ്ങനെ ആദ്യ സാഹോദര്യത്തിന്റെ കഥ കൊലപാതകത്തിൽ കലാശിക്കുന്നു. മനുഷ്യസാഹോദര്യത്തെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. എവിടെയും യുദ്ധമാണ്.
കായേന്റെ പിൻഗാമികളിൽ, കലയും കരകൗശലവിദ്യയും വികാസം പ്രാപിക്കുന്നു. പക്ഷേ, അക്രമവും വളരുന്നു. ലാമാക്കിന്റെ അത്ഭുതകരമായ സങ്കീർത്തനം സൂചിപ്പിക്കുന്നതുപോലെ. അത് പ്രതികാരത്തിന്റെ ഒരു സ്തുതിഗീതംപോലെ തോന്നിപ്പിക്കും: "എന്നെ മുറിപ്പെടുത്തിയ ഒരുവനെയും, എന്നെ അടിച്ച ഒരു ചെറുപ്പക്കാരനെയും ഞാൻ കൊന്നുകളഞ്ഞു. കായേന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമാക്കിന്റേത് എഴുപത്തേഴിരട്ടിയായിരിക്കും (4:23–24). "നീ ഇതു ചെയ്യുക. ഞാൻ പ്രതിഫലം തരും." പക്ഷേ, ന്യായാധിപൻ ഇതു പറയുകയില്ല, ഞാൻ ചെയ്യുന്നു. ഞാൻ, ആ സാഹചര്യത്തിന്റെ വിധികർത്താവാകുന്നു. ഈ രീതിയിൽ തിന്മ കാട്ടുതീ പോലെ പടരുന്നു, ചിത്രത്തിൽ മുഴുവൻ വ്യാപിക്കുന്നതുവരെ. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നു എന്നും, അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രമാണെന്നും കർത്താവ് കണ്ടു" (6:5); സാർവ്വത്രിക പ്രളയത്തിന്റെയും (അധ്യായം 69) ബാബേൽ ഗോപുരത്തിന്റെയും മഹത്തായ ചുവർചിത്രങ്ങൾ ഒരു പുതിയ തുടക്കത്തിന്റെ ആവശ്യമുണ്ടെന്ന കാര്യം വെളിപ്പെടുത്തുന്നു. യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്ന ഒരു പുതിയ സൃഷ്ടിപോലെ. എങ്കിലും, വിശുദ്ധഗ്രന്ഥത്തിന്റെ ഈ ആദ്യപേജുകളിൽ, അത്രയ്ക്ക ശ്രദ്ധേയമല്ലെങ്കി

ല്യം, അതിലേറെ എളിയതും, ഭക്തിനിറഞ്ഞതുമായ മറ്റൊരു കഥ കൂടി എഴുതപ്പെട്ടിട്ടുണ്ട്. അത് പ്രത്യാശയുടെ സ്വതന്ത്രമാക്കലിനെ പ്രതിനിധീകരിക്കുന്നു. മിക്കവാറും എല്ലാവരും ദുഷ്ടതനിറഞ്ഞ രീതിയിൽ പെരുമാറുമ്പോൾ, മനുഷ്യവ്യാപാരങ്ങളുടെ മഹത്തായ യന്ത്ര മായി വിദ്വേഷത്തെയും കീഴടക്കലിനെയും ഉപയോഗിക്കുമ്പോൾ, ആത്മാർത്ഥതയോടെ ദൈവത്തോടു പ്രാർത്ഥിക്കുവാൻ കഴിവുള്ള ജനങ്ങളുണ്ട്. മനുഷ്യരാശിയുടെ ഭാഗധേയം വ്യത്യസ്തമായ ഒരു രീതിയിൽ എഴുതാൻ ശേഷിയുള്ളവർ. ആബേൽ ദൈവത്തിന് ആദ്യ ഫലങ്ങൾ ബലിയർപ്പിക്കുന്നു. അവന്റെ മരണത്തിനുശേഷം ആദാമിനും ഹവ്വയ്ക്കും മൂന്നാമത്തെ പുത്രനായ സേത്ത് ജനിച്ചു. അവനിൽ നിന്ന് ഇനോഷ് ('നശ്വരൻ' എന്നർത്ഥം ) ജനിച്ചു. വിശുദ്ധഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. "അക്കാലത്ത് മനുഷ്യർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങി" (4:26). അപ്പോൾ, ദൈവത്തോടൊത്ത് സഞ്ചരിച്ച ഒരുവനായ ഹെനോക്ക് പ്രത്യക്ഷപ്പെട്ടു, അവൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു (cf. 5:22,24). അവസാനമാണ് നോഹയുടെ കഥ. 'ദൈവത്തോടൊത്ത് സഞ്ചരിച്ച' നീതിമാനായിരുന്നു അവൻ (6:9). ഭൂമുഖത്തുനിന്ന് മനുഷ്യരാശിയെ ഉന്മൂലനം ചെയ്യാനുള്ള ഉദ്ദേശ്യം ദൈവം അവനോടു വെളിപ്പെടുത്തി (cf. 6:78).

ഈ വിവരണങ്ങൾ വായിക്കുമ്പോൾ, പ്രാർത്ഥന ഒരു കോട്ടയാണ് എന്ന ധാരണ ഒരുവനു ലഭിക്കും. ലോകത്തിൽ തിന്മയുടെ പ്രളയത്തിരയ്ക്കുമുമ്പിൽ മനുഷ്യന്റെ അഭയമാണത്. നിഷ്കർഷമായി പരിശോധിച്ചാൽ, നമ്മിൽ നിന്നു തന്നെ രക്ഷിക്കപ്പെടാനാണ് നമ്മളും പ്രാർത്ഥിക്കുന്നത്. "കർത്താവേ, എന്റെ അതിമോഹങ്ങളിൽ നിന്ന്, എന്റെ തീവ്രാഭിനിവേശങ്ങളിൽ നിന്ന് ദയവായി എന്നെ രക്ഷിക്കണമേ" എന്നു പ്രാർത്ഥിക്കേണ്ടത് പ്രധാനമാണ്. വിശുദ്ധഗ്രന്ഥത്തിന്റെ ആദ്യപേജുകളിലെ പ്രാർത്ഥനനിറഞ്ഞ മനുഷ്യർ, സമാധാന പ്രവർത്തകരാണ്: തീർച്ചയായും,പ്രാർത്ഥന ആധികാരികമായിരിക്കുമ്പോൾ, അക്രമവാസനകളിൽ നിന്ന് അത് ഒരുവനെ മോചിപ്പിക്കുന്നു, അത് ദൈവത്തിലേക്ക് തിരിച്ചിട്ടുള്ള ദൃഷ്ടിയാണ്, മനുഷ്യരാശിയുടെ ഹൃദയം സംരക്ഷിക്കുന്നതിനുവേണ്ടി അവിടുന്ന് തിരിച്ചുവരാൻ വേണ്ടി. പ്രബോധനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "എല്ലാ മതങ്ങളിലും നീതിമാന്മാരായ മനുഷ്യർ ഇത്തരം പ്രാർത്ഥനയിൽ ജീവിക്കുന്നു" (കത്തോലിക്കാസഭയുടെ മത ബോധനഗ്രന്ഥം, 2569). മനുഷ്യന്റെ വിദ്വേഷത്തിന് മരുഭൂമിയെ മാത്രം വികസിപ്പിക്കാൻ കഴിഞ്ഞിരുന്നിടത്ത്, പ്രാർത്ഥന പുനർജന്മത്തിന്റെ പൂമെത്ത വളർത്തുന്നു. ദൈവത്തിന്റെ ശക്തിയെ ആകർഷിക്കുന്നതിനാൽ പ്രാർത്ഥന ശക്തമാണ്. ദൈവത്തിന്റെ ശക്തി എപ്പോഴും ജീവൻ പ്രദാനം ചെയ്യുന്നു: എല്ലായ്പ്പോഴും. അവിടുന്ന് ജീവന്റെ ദൈവമാണ്, അവിടുന്നു പുനർജനിക്ക് ഇടയാക്കുന്നു.

ഇതുകൊണ്ടാണ് ദൈവത്തിന്റെ കർത്തൃത്വം, സ്ത്രീപുരുഷന്മാരുടെ ഈ ശൃംഖലയിലൂടെ കടന്നുപോകുന്നത്; മിക്കപ്പോഴും ലോകത്തിൽ തെറ്റിദ്ധരിക്കപ്പെടുകയും, പാർശ്വവത്കരിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യരാണവർ. ഈ ദാസന്മാർ അവരുടെ പ്രാർത്ഥനയിലൂടെ
ആകർഷിക്കുന്ന ദൈവത്തിന്റെ ശക്തിക്കു നന്ദി, ലോകം ജീവിക്കുകയും വളരുകയും ചെയ്യുന്നു. അത് ബഹളംനിറഞ്ഞ ഒരു ചങ്ങലയേയല്ല. അത് വിരളമായിട്ടാണ് തലക്കെട്ടുകൾ ഉണ്ടാക്കുന്നത്; എങ്കിലും, ലോകത്തോടുള്ള വിശ്വാസം വീണ്ടെടുക്കുവാൻ അത് സുപ്രധാനമാണ്.
ഒരു മനുഷ്യന്റെ കഥ ഞാൻ ഓർക്കുന്നു: ഒരു പ്രധാനപ്പെട്ട സർക്കാർ നേതാവ്. ഇക്കാലത്തേതല്ല; പഴയകാലത്തേത്. ഹൃദയത്തിൽ മതവിശ്വാസം ഇല്ലാതിരുന്ന ഒരു നിരീശ്വ

രവാദി. പക്ഷേ, കുട്ടിയായിരുന്നപ്പോൾ വല്യമ്മ പ്രാർത്ഥിക്കുന്നത് അവൻ കേട്ടിരുന്നു. അത് അവന്റെ ഹൃദയത്തിൽ നിലനിന്നു. അവന്റെ ജീവിതത്തിലെ ഒരു വിഷമഘട്ടത്തിൽ, അവന്റെ ഹൃദയത്തിലേക്ക് ഓർമ്മ തിരിച്ചെത്തി. അവൻ പറഞ്ഞു: ' 'പക്ഷേ , എന്റെ വല്യമ്മ പ്രാർത്ഥിക്കാറുണ്ടായിരുന്നു." അവൻ അങ്ങനെ വല്യമ്മയുടെ സൂത്രവാക്യങ്ങൾ ഉപയോഗിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. അവിടെ അവൻ യേശുവിനെ കണ്ടു.പ്രാർത്ഥന എപ്പോഴും ജീവിതത്തിന്റെ ഒരു ചങ്ങലയാണ്: പ്രാർത്ഥിക്കുന്ന അനേകം മനുഷ്യർ ജീവൻ വിതയ്ക്കുന്നു. ഇതുകൊണ്ടാണ് കുട്ടികളെ പ്രാർത്ഥന പഠിപ്പിക്കുന്നത് പ്രധാനപ്പെട്ടതാകുന്നത്. കുരിശുവരയ്ക്കാൻ അറിയില്ലാത്ത കുട്ടികളെ കാണുമ്പോൾ ഞാൻ സഹനം അനുഭവിക്കുന്നു. കുരിശുവരയ്ക്കാൻ അവരെ ശരിയായ രീതിയിൽ പഠിപ്പിക്കണം. എന്തെന്നാൽ അത് ആദ്യത്തെ പ്രാർത്ഥനയാണ്. പിന്നീട് ഒരു പക്ഷെ അവരത് മറന്നേക്കും. മറ്റൊരു വഴി തിരഞ്ഞെടുക്കും. എന്നാൽ, കുട്ടിയായിരിക്കുമ്പോൾ പഠിച്ച ആദ്യ പ്രാർത്ഥന ഹൃദയത്തിൽ നിലനില്ക്കുന്നു. എന്തെന്നാൽ, അവ ജീവന്റെ വിത്താണ്. ദൈവവുമായുള്ള സംവാദത്തിന്റെ വിത്ത്.



ദൈവത്തിന്റെ ചരിത്രത്തിലൂടെ ദൈവത്തിന്റെ യാത്ര അറിയിക്കുന്നു: അത് അവശേഷിക്കുന്ന മനുഷ്യരാശിയിലൂടെ കടന്നുപോയിരിക്കുന്നു. കരുത്തുറ്റവന്റെ നിയമവുമായി അനുരൂപപ്പെടാത്തവർ. എന്നാൽ, അത്ഭുതം പ്രവർത്തിക്കാൻ ദൈവത്തോട് ആവശ്യപ്പെട്ടവർ. സർവ്വോപരി നമ്മുടെ ശിലാഹൃദയങ്ങളെ മാംസളഹൃദയങ്ങളാക്കി രൂപാന്തരപ്പെടുത്താൻ (cf.എസെ 36:26). ഇത് പ്രാർത്ഥനയെ സഹായിക്കുന്നു: എന്തെന്നാൽ, പ്രാർത്ഥന, ദൈവത്തിലേക്ക് വാതിൽ തുറക്കുന്നു. മിക്കപ്പോഴും നമ്മുടെ ശിലാഹൃദയങ്ങളെ മനുഷ്യഹൃദയങ്ങളായി മാറ്റിക്കൊണ്ട് ഇത് ഏറെ മനുഷ്യത്വം ആവശ്യപ്പെടുന്നു. മനുഷ്യത്വമുണ്ടെങ്കിൽ ഒരുവന് നന്നായി പ്രാർത്ഥിക്കാൻ കഴിയും.



വീഡിയോ ക്യു ആർ കോഡ്



# പാപ്പ പറയുന്നു; തൊഴിലാളികൾ ജനങ്ങളാണ് വെറും അക്കങ്ങളല്ല


വത്തിക്കാനിൽ ഇറ്റലിയുടെ നാഷണൽ അസോസിയേഷൻ ഓഫ് ബിൽഡിംഗ് കോൺടാക്ടർമാരെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ, അസോസിയേഷന്റെ 75-ാം വാർഷികത്തിൽ അവരുടെ കൂടിക്കാഴ്ച "ഇറ്റലിയിലെ രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിലേക്ക് നീളുന്ന ഒരു ചരിത്രം ഓർമ്മിക്കാനുള്ള അവസരമാണ്" എന്ന് അഭിപ്രായപ്പെട്ടു. വാസ്തവത്തിൽ, നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വലുപ്പത്തിലുമുള്ള ഇറ്റാലിയൻ കമ്പനികളെ പ്രതിനിധീകരിക്കുന്ന ഒരു സംരംഭക സംഘടനയായാണ് 1946 ൽ നാഷണൽ അസോസിയേഷൻ ഓഫ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് സ്ഥാപിതമായത്.

ഈ മേഖലയ്ക്കും ഇത് പ്രയാസകരമായ സമയമാണെന്ന് ഫ്രാൻസിസ് മാർപാപ്പ അഭിപ്രായപ്പെട്ടു. "ഈ സമയങ്ങളിൽ പ്രചോദനങ്ങൾ, അടിസ്ഥാന തിരഞ്ഞെടുപ്പുകൾ എന്നിവയിൽ ശ്രദ്ധ ചെലുത്തേണ്ടത് പ്രധാനമാണ്". സുവിശേഷത്തിലെ ചില പ്രബോധനങ്ങൾ ഫ്രാൻസിസ് മാർപാപ്പ പങ്കുവച്ചു. അവരുടെ സംഘടനയെ പ്രചോദിപ്പിക്കുന്ന മൂല്യങ്ങളുടെ "ക്രിസ്തീയ വ്യാഖ്യാനം" എന്നാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിച്ചത്: മത്സരവും സുതാര്യതയും, ഉത്തരവാദിത്തവും സുസ്ഥിരതയും. കൂടാതെ ധാർമ്മികത, നിയമസാധുത, സുരക്ഷ എന്നീ തലങ്ങളാണ് പാപ്പ വിശദീകരിച്ചത്.

യേശു തന്റെ പ്രസംഗത്തിൽ തന്റെ സന്ദേശങ്ങൾ കൈമാറാൻ നിർമ്മിതിയുടെ ഉപ

മകളും ഉപയോഗിച്ചുവെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുവെന്ന് മാർപ്പാപ്പ ചൂണ്ടിക്കാട്ടി. തീർച്ചയായും, യേശു വലിയ കെട്ടിടങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല, "എന്നാൽ ഈ നിർമ്മിതികൾ നദിക്കരയിൽ നിർമ്മിച്ചതാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു, അതേസമയം ആദ്യത്തെ വെള്ളപ്പൊക്കത്തിൽ അത്തരമൊരു വീട് ഒഴുകിപ്പോകാൻ വിധിക്കപ്പെട്ടതാണെന്ന് ആ നല്ല നിർമ്മാതാവിന് അറിയാം" മാർപ്പാപ്പ കൂട്ടിച്ചേർത്തു. "മത്സരവും സുതാര്യതയും" തുടങ്ങി താൻ മുമ്പ് സൂചിപ്പിച്ച മൂല്യങ്ങളെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ പിന്നീട് പറഞ്ഞു.

ആധിപത്യത്തിനും ബഹിഷ്കരണത്തിനുമുള്ള ആഗ്രഹം എന്നതിലുപരി, തന്റെ ജോലി നന്നായി ചെയ്യാനും മെച്ചപ്പെടുത്താനുമുള്ള ഒരു പ്രോത്സാഹനമായിരിക്കണം മത്സരം. അതുകൊണ്ടാണ് തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിലും സാമ്പത്തിക തിരഞ്ഞെടുപ്പുകളിലും സുതാര്യത അനിവാര്യമെന്നും മാർപാപ്പ പറഞ്ഞു. തുടർന്ന് മാർപാപ്പ "ഉത്തരവാദിത്തത്തെയും സുസ്ഥിരതയേയും " കുറിച്ച് സംസാരിച്ചു. സുസ്ഥിരതയെക്കുറിച്ച് ഇത്രയധികം ചർച്ചകൾ നാം മുമ്പൊരിക്കലും കേട്ടിട്ടില്ല, "എല്ലാ ആവാസവ്യവസ്ഥയുടെയും പുനരുജ്ജീവന ശേഷി ഇതിൽ ഉൾപ്പെടുന്നു" എന്ന് മാർപ്പാപ്പ പറഞ്ഞു.




# ലോകമെമ്പാടും ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങൾ വർദ്ധിക്കുന്നു

360 ദശലക്ഷത്തിലധികം പേർ പീഡനം അനുഭവിക്കുന്നതായി ഓപ്പൺ ഡോർസ് ഇന്റർനാഷണൽ ബുധനാഴ്ച പുറത്തിറക്കിയ 2022 വേൾഡ് വാച്ച് ലിസ്റ്റിൽ (WWL) പറയുന്നു, പ്രത്യേകിച്ച് ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരായ പീഡനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നും COVID 19 വിവേചനത്തെ കൂടുതൽ രൂക്ഷമാക്കിയെന്നും റിപ്പോർട്ടിലുണ്ട്.

ജനുവരി 19 ന്, നെതർലാൻഡ്സ് ആസ്ഥാനമായുള്ള നോൺ-ഡിനോമിനേഷൻ ഓർ

ഗനൈസേഷൻ അതിന്റെ 2022 വേൾഡ് വാച്ച് ലിസ്റ്റ് (WWL) പുറത്തുവിട്ടു , ക്രൈസ്തവർ അവരുടെ വിശ്വാസത്തിന്റെ പേരിൽ ഏറ്റവും മോശമായ പീഡനം അനുഭവിക്കുന്ന മികച്ച 50 രാജ്യങ്ങൾ ഈ പട്ടികയിൽ ഉണ്ട്. 2020 ഒക്ടോബർ 1 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കണക്കാണിത്.

സ്വതന്ത്ര ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം (IRF) സമഗ്രമായി വിശകലനം ചെയ്ത അതിന്റെ കണ്ടെത്തലുകൾ അനുസരിച്ച്, 360 ദശലക്ഷത്തിലധികം ആളുകൾകൾക്ക് (അതായത് ആഗോളതലത്തിൽ 7-ൽ 1) കഴിഞ്ഞ വർഷം അവരുടെ രാജ്യത്ത് പീഡനവും വിവേചനവും സഹിക്കേണ്ടിവന്നു . 5,898 ക്രൈസ്തവർ കൊല്ലപ്പെട്ടു (2020-നെ അപേക്ഷിച്ച് 23,8% വർദ്ധനയാണിത് ), 5,110 പള്ളികൾ ആക്രമിക്കപ്പെടുകയോ അടച്ചുപൂട്ടുകയോ ചെയ്തു (13,8% വർദ്ധന ), 6,175 ക്രൈസ്തവർ വിചാരണ കൂടാതെ അറസ്റ്റ് ചെയ്യപ്പെട്ടു (44,3% വർധന), 3,829 തട്ടിക്കൊണ്ടുപോകൽ (123-ൽ കൂടുതൽ, 9%).

**അഫ്ഗാനിസ്ഥാൻ ഒന്നാം നമ്പർ**

പുതിയ റിപ്പോർട്ടിൽ, ഉത്തരകൊറിയയെ മറികടന്ന് 2021 ഓഗസ്റ്റിൽ താലിബാൻ പിടിച്ചെടുത്തതിനുശേഷം, ക്രൈസ്തവർക്ക് ഏറ്റവും അപകടകരമായ രാജ്യമായി മാറി അഫ്ഗാനിസ്ഥാൻ. എന്നിരുന്നാലും, കിം ജോങ്-ഉന്നിന്റെ പ്യോങ്യാങ് ഭരണകൂടത്തിന് കീഴിലുള്ള മതസ്വാതന്ത്ര്യത്തിന്റെ സാഹചര്യം ഇതിലേറെ വഷളായിക്കൊണ്ടിരിക്കുകയാണ്, കൂടാതെ 20 വർഷമായി ഒന്നാം സ്ഥാനത്തെത്തിയതിന് ശേഷം ഈ രാജ്യം പട്ടികയിൽ രണ്ടാം സ്ഥാനത്താണ്.

ക്രിസ്ത്യൻ വിരുദ്ധ അക്രമങ്ങളുടെ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്ന ആദ്യത്തെ അഞ്ച് രാജ്യങ്ങളിൽ നാലെണ്ണവും രാഷ്ട്രീയ അശാന്തിയും മതതീവ്രവാദവും വളർന്ന ഇസ്ലാമിക് സ്റ്റേറ്റുകളാണ്. അഫ്ഗാനിസ്ഥാന് പുറമെ സോമാലിയ (3), ലിബിയ (4), യെമൻ (5) എന്നിവരും ഈ പട്ടികയിൽ ഉൾപ്പെടുന്നു. എറിത്രിയ, നൈജീരിയ, പാകിസ്ഥാൻ, ഇറാൻ, ഇന്ത്യ, സൗദി അറേബ്യ, മ്യാൻമർ, സുഡാൻ, ഇറാഖ്, സിറിയ എന്നിവയാണ് തൊട്ടുപിന്നിൽ.

ആഫ്രിക്കയിൽ ക്രിസ്ത്യൻ വിരുദ്ധ അക്രമം ഇപ്പോഴും വർധിക്കുകയാണ് , പ്രത്യേകിച്ച് സഹേൽ മേഖലയിലും (നൈജർ, ബുർക്കിന ഫാസോ, മാലി) നൈജീരിയയിലും, 2020 ൽ 9 ആം സ്ഥാനത്തെത്തിയ ശേഷം 7 ആം സ്ഥാനത്തേക്ക് ഉയർന്നു. വിശ്വാസത്തിന്റെ പേരിൽ ഏറ്റവും കൂടുതൽക്രൈസ്തവർ കൊല്ലപ്പെട്ട രാജ്യമാണിത് (4.650).

**ഇന്ത്യയിൽ ആക്രമണങ്ങൾ വർദ്ധിക്കുന്നു**

ക്രിസ്ത്യൻ വിരുദ്ധ അക്രമങ്ങളിൽ പാകിസ്ഥാൻ രണ്ടാം സ്ഥാനത്താണ്, എന്നാൽ സമീപകാല റിപ്പോർട്ടുകൾ സ്ഥിരീകരിച്ചതുപോലെ, അയൽരാജ്യമായ ഇന്ത്യയിൽ ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ ഇപ്പോഴും ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ക്രൈസ്തവർക്കെതിരായ മതപരമായ അക്രമത്തിന്റെ അനന്തരഫലങ്ങളിലൊന്ന്

നിർബന്ധിത കുടിയൊഴിപ്പിക്കലാണ് . 2021–ൽ രേഖപ്പെടുത്തിയ 84 ദശലക്ഷക്കണക്കിന് ആഭ്യന്തരമായി കുടിയൊഴിപ്പിക്കപ്പെട്ട 26 ദശലക്ഷം അഭയാർത്ഥികളിൽ പലരും സഹേൽ മേഖലയിലും നൈജീരിയയിലും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലും ഇസ്ലാമിക അക്രമങ്ങളിൽ നിന്ന് പലായനം ചെയ്യുന്ന ക്രൈസ്തവരായിരുന്നു. മ്യാൻമർ പോലുള്ള രാജ്യങ്ങളിൽ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള ചിൻ സ്റ്റേറ്റിലെയും കാച്ചിൻ, കയാ, ഷാൻ സംസ്ഥാനങ്ങളിലെയും സൈനിക അടിച്ചമർത്തൽ 200,000 ക്രിസ്ത്യാനികളെ കുടിയിറക്കുകയും 20,000 ത്തോളം പേരെ രാജ്യം വിടാൻ നിർബന്ധിക്കുകയും ചെയ്തു.

**ക്രൈസ്തവ സ്ത്രീകൾക്കെതിരായ അതിക്രമം**

ഓപ്പൺ ഡോർസ്, അവരുടെ ക്രിസ്ത്യൻ വിശ്വാസവുമായി ബന്ധപ്പെട്ട സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് കൂടുതൽ കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. സാംസ്കാരികവും സാമൂഹികവുമായ കാരണങ്ങളാൽ പല സ്ത്രീകളും സംസാരിക്കാൻ മടിക്കുന്നതിനാൽ, ഈ പ്രശ്നത്തെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നത് ബുദ്ധിമുട്ടാണ്. എന്നിരുന്നാലും, 2021–ൽ 3,100 കേസുകളും 1,500 നിർബന്ധിത വിവാഹങ്ങളും കണ്ടെത്താൻ സംഘടനയ്ക്ക് കഴിഞ്ഞു.



# സഭയിലെ ദുരുപയോഗത്തിനെതിരെ പോരാടാൻ ജുഡീഷ്യൽ നടപടി മാത്രം പോരാ: പാപ്പ

വത്തിക്കാനിലെവിശ്വാസ തിരുസംഘത്തിലെ അംഗങ്ങളെ അവരുടെ പ്ലീനറി അസംബ്ലിയിലേക്ക് ഫ്രാൻസിസ് മാർപാപ്പ സ്വാഗതം ചെയ്തു.

"വിശ്വാസത്തിലും ധാർമ്മികതയിലും ഉള്ള കത്തോലിക്കാ സിദ്ധാന്തത്തിന്റെ സമഗ്രത പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാർവത്രിക സഭയ്ക്കുള്ള അവരുടെ വിലപ്പെട്ട സേവനത്തിന്" മാർപാപ്പ തന്റെ പ്രസംഗത്തിൽ നന്ദി അറിയിച്ചു.

അന്തസ്സ്, വിവേചനാധികാരം, വിശ്വാസം എന്നീ മൂന്ന് വാക്കുകളിൽ കേന്ദ്രീകരിച്ചുള്ള ഒരു പ്രതികരണവും പാപ്പ നൽകി .

അന്തസ്സ് എന്ന ആദ്യ വാക്കിനെ പരാമർശിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ തന്റെ ചാക്രിക ലേഖനമായ ഏവരും സഹോദരരിൽ താൻ എഴുതിയത് ആവർത്തിച്ചു പറഞ്ഞു , നമുക്ക് ജീവിക്കാൻ നൽകിയിരിക്കുന്ന ഈ കാലത്ത്, അതിന്റെ അന്തസ്സ് തിരിച്ചറിഞ്ഞ്. ഓരോ മനുഷ്യനും, ലോകമെമ്പാടുമുള്ള സാഹോദര്യത്തിനായുള്ള അഭിലാഷത്തെ നമുക്ക് പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.

മാനവരാശിയുടെ യാത്രയ്ക്കായി സ്രഷ്ടാവ് രൂപകൽപ്പന ചെയ്തിരിക്കുന്ന ലക്ഷ്യസ്ഥാനമാണ് സാഹോദര്യമെങ്കിൽ, അതിലേക്കുള്ള പ്രധാന പാത "എല്ലാ മനുഷ്യരുടെയും അന്തസ്സ് തിരിച്ചറിയുക എന്നതാണ് " – എന്ന് മാർപ്പാപ്പ വിശദീകരിച്ചു.

"സാമൂഹികവും രാഷ്ട്രീയവും ആരോഗ്യവുമായി ബന്ധപ്പെട്ടതുമായ നിരവധി പിരിമുറുക്കങ്ങളാൽ അടയാളപ്പെടുത്തപ്പെട്ട" നമ്മുടെ കാലത്ത്, മറ്റേ വ്യക്തിയെ "അപരിചിതനോ ശത്രുവോ" ആയി കണക്കാക്കാനുള്ള പ്രലോഭനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

എന്നിരുന്നാലും, "തന്റെ ദൗത്യത്തിന്റെ ആരംഭം മുതൽ" സഭ, മനുഷ്യന്റെ അന്തസ്സിന്റെ അദൃശ്യമായ മൂല്യം എപ്പോഴും പ്രഖ്യാപിച്ചു, മനുഷ്യ വ്യക്തി യഥാർത്ഥത്തിൽ "സൃഷ്ടിയുടെ മാസ്റ്റർപീസ്" ആണെന്ന് മാർപ്പാപ്പ ഊന്നിപ്പറഞ്ഞു.

തുടർന്ന് ഫ്രാൻസിസ് മാർപാപ്പ രണ്ടാമത്തെ വാക്കായ വിവേചനാ ബുദ്ധി ചർച്ച ചെയ്തു: വിവേചനാധികാരം . "ഇന്ന് കൂടുതൽ കൂടുതൽ, വിശ്വാസികൾ വിവേചനത്തിന്റെ ബുദ്ധി ആവശ്യപ്പെടുന്നു" എന്ന് അദ്ദേഹം കുറിച്ചു.

"എല്ലാ തരത്തിലുമുള്ള ദുരുപയോഗങ്ങൾക്കെതിരായ പോരാട്ടത്തിൽ വിവേചനബുദ്ധി ആവശ്യമായ പ്രയോഗം കണ്ടെത്തുന്നു", ദൈവത്തിന്റെ സഹായത്തോടെ, "അവരുടെ അംഗങ്ങളുടെ പീഡനത്തിന് ഇരയായവർക്ക് നീതി ലഭ്യമാക്കുന്നതിനുള്ള അവളുടെ പ്രതിബദ്ധത സഭ നിശ്ചയദാർഢ്യത്തോടെ പിന്തുടരുകയാണ്" എന്നും മാർപാപ്പ പറഞ്ഞു.

“ഈ വെളിച്ചത്തിൽ, ജുഡീഷ്യൽ നടപടി കൂടുതൽ നിശിതമാക്കാനുള്ള ആഗ്രഹത്തോടെ, വിശ്വാസത്തിനായുള്ള കോൺഗ്രിഗേഷനിൽ കരുതിവച്ചിരിക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ ഞാൻ അടുത്തിടെ ഭേദഗതി ചെയ്തിട്ടുണ്ട്. ഈ പ്രശ്നത്തെ തടയാൻ ജുഡീഷ്യൽ നടപടി മാത്രം മതിയാകില്ല, എന്നാൽ നീതി പുനഃസ്ഥാപിക്കുന്നതിനും അഴിമതി ദുരീകരിക്കുന്നതിനും കുറ്റവാളിയെ ശിക്ഷിക്കുന്നതിനുമുള്ള ആവശ്യമായ നടപടിയാണിത്.

പാപ്പ തിരഞ്ഞെടുത്ത മൂന്ന് വാക്കുകളിൽ അവസാനത്തേത് വിശ്വാസമായിരുന്നു . പ്രതിരോധിക്കാൻ മാത്രമല്ല, വിശ്വാസത്തെ പ്രോത്സാഹിപ്പിക്കാനും വിശ്വാസതിരുസംഘം വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് മാർപാപ്പ പറഞ്ഞു. വിശ്വാസമില്ലെങ്കിൽ , "ലോകത്തിലെ വിശ്വാസികളുടെ സാന്നിധ്യം ഒരു മാനുഷിക ഏജൻസിയുടേതെന്ന മട്ടിൽ ചുരുങ്ങും." “ഒരു കൈപ്പുസ്തകത്തിലെന്നപോലെ, ഊഷ്മളവും പതിവുള്ളതുമായ വിശ്വാസത്തിൽ നാം തൃപ്തരായിരിക്കരുത്. നമുക്ക് പരിശുദ്ധാത്മാവിനോടും പരസ്പരം സഹകരിക്കാം, അങ്ങനെ യേശു ലോകത്തിലേക്ക് കൊണ്ടുവരാൻ വന്ന അഗ്നി എല്ലാവരുടെയും ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്യട്ടെ – പാപ്പ പറഞ്ഞു .



# #IamChurch: ഭിന്നശേഷിക്കാരുടെ ജീവിതത്തിൽ ദൈവവചനം

അല്മായർക്കും കുടുംബത്തിനും ജീവനും വേണ്ടിയുള്ള തിരുസംഘം ഭിന്നശേഷിക്കാർ ക്കായുള്ള, #IamChurch സംരംഭത്തിൽ, ഭാരമായി തോന്നുകയോ "ഒഴിവാക്കുകയോ" ചെയ്യാതെ, അവരുടെ സഭാ സമൂഹങ്ങൾക്കുള്ളിൽ അവരുടേതായ പ്രത്യേക സംഭാവന നൽകുന്ന വൈകല്യമുള്ളവരുടെ ദൈനംദിന പോരാട്ടങ്ങൾ കാണിക്കുന്ന അഞ്ച് വീഡി യോകൾ അടങ്ങിയിരിക്കുന്നു. "വൈകല്യമുള്ളവരുടെ ജീവിതത്തിൽ ദൈവവചനം" എന്ന താണ് അഞ്ചാമത്തെയും അവസാനത്തെയും വീഡിയോയുടെ തലക്കെട്ട്.

ഏറ്റവും പുതിയ വീഡിയോ, റോമിൽ നിന്നുള്ള രണ്ട് യുവാക്കളായ അന്റോണിയറ്റയെയും ഫെഡെറിക്കോയെയും കുറിച്ച് പറയുന്നു, അവർ ഒരു ഫെയ്ത്ത് ആൻഡ് ലൈറ്റ് കമ്മ്യൂ ണിറ്റിയിൽ തങ്ങളുടെ വിശ്വാസാനുഭവം പങ്കുവെക്കുന്നു.

സഭ ദൈവവചനത്തിന്റെ ഞായറാഴ്ച ആഘോഷിക്കുന്ന ഈ ദിവസങ്ങളിൽ അവരുടെ കഥ പ്രത്യേകിച്ചും പ്രാധാന്യമർഹിക്കുന്നു, ഈ സമയത്ത്, പരിശുദ്ധ പിതാവ് ആദ്യമായി മതബോധന ശുശ്രൂഷ നിരവധി സാധാരണക്കാർക്ക് നൽകും.

"സുവിശേഷം എല്ലാവർക്കും വേണ്ടിയുള്ളതാണ്" എന്ന് ഇരുവരും ഉത്സാഹത്തോടെ സാ ക്ഷ്യപ്പെടുത്തുകയും യേശുവുമായുള്ള കണ്ടുമുട്ടൽ തങ്ങളുടെ ജീവിതത്തെ അഗാധമായി മാറ്റിമറിച്ചതെങ്ങനെയെന്നുള്ള സ്ഫോടനാത്മകമായ സന്തോഷം പ്രതിഫലിപ്പിക്കുന്ന വാക്കുകളിലൂടെ പറയുകയും ചെയ്യുന്നു.

വൈകല്യത്തോടെ ജീവിക്കാനുള്ള ബുദ്ധിമുട്ട് അന്റോണിയെറ്റ് മറച്ചുവെക്കുന്നില്ല: "ഇപ്പോൾ ഞാൻ ദിവസം മുഴുവൻ പുഞ്ചിരിക്കുന്നത് നിങ്ങൾ കാണുന്നു, പക്ഷേ ഞാൻ സ്വയം ചോദിക്കുന്ന നിമിഷങ്ങളുണ്ട്: 'എന്നാൽ എന്തുകൊണ്ട്?"

എന്നാൽ ദൈവവചനം ശ്രവിച്ചുകൊണ്ട് ജീവിക്കുകയും തനിക്ക് ലഭിച്ച സമ്മാനം തിരികെ

നൽകണമെന്ന് തോന്നുകയും ചെയ്യുന്ന ശാന്തയായ ഒരു സ്ത്രീയുടെ കഥയാണ് അവളുടേത്. അതുകൊണ്ടാണ് കുട്ടികളുടെ മതബോധനത്തിനായി സ്വയം സമർപ്പിക്കാൻ അവൾ തീരുമാനിച്ചത്.

വായിക്കാൻ അറിയാത്ത ഫെഡറിക്കോ തന്റെ സമൂഹത്തിനുള്ളിലെ പൊതുവായനയിലൂടെയും നാടകങ്ങളിലൂടെയും വചനത്തെ എങ്ങനെ സമീപിക്കുന്നുവെന്ന് പറയുന്നു. ഈ വിധത്തിൽ, യേശു "എന്നെ അനുഗമിക്കുന്ന ഒരു സാന്നിധ്യമായി മാറുന്നു. എപ്പോഴും, ഈ നിമിഷത്തിലും."



# യുക്രൈനുവേണ്ടി വേണ്ടി പ്രാർത്ഥിക്കാൻ പാപ്പയുടെ ആഹ്വാനം

"യുക്രൈയ്നിലെ സമാധാനത്തിനായി പ്രാർത്ഥിക്കാൻ, പ്രതിവാര പൊതു സദസ്സിന്റെ സമാപനത്തിൽ, ഫ്രാൻസിസ് മാർപാപ്പ വിശ്വാസികളോട് " ആവശ്യപ്പെട്ടു. യുക്രൈയ്നുമായുള്ള അതിർത്തിയിൽ റഷ്യ സൈന്യത്തെ വിന്യസിക്കുന്നു. ജനുവരി 26 ന് സമാധാനത്തിനായി അന്താരാഷ്ട്ര പ്രാർത്ഥനാ ദിനം ആചരിക്കണമെന്ന് പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരുന്നു. "രാജ്യത്തിന് സാഹോദര്യത്തിന്റെ ആത്മാവിൽ വളരാനും എല്ലാ വേദനകളും ഭയങ്ങളും ഭിന്നതകളും തരണം ചെയ്യപ്പെടാനും അനുവദിക്കണമേ" എന്ന് മാർപ്പാപ്പ കർത്താവിനോട് അഭ്യർത്ഥിച്ചു.

ഇന്നത്തെ പ്രാർത്ഥനകളും അപേക്ഷകളും സ്വർഗത്തിലേക്ക് ഉയരണമെന്നും "ലോക നേതാക്കളുടെ മനസ്സിനേയും ഹൃദയത്തേയും സ്പർശിക്കണമെന്നും, അങ്ങനെ സംവാ

ദങ്ങൾ വിജയിക്കുന്നതിനും കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് മുന്നിൽ പൊതുനന്മയ്ക്ക് മുൻതൂക്കം നൽകുന്നതിനും" അദ്ദേഹം ആഹ്വാനം ചെയ്തുഇടയാകട്ടെ എന്നും പാപ്പ പ്രത്യാശിച്ചു.

ഉക്രെയ്നിൽ കൂടുതൽ രക്തച്ചൊരിച്ചിലുണ്ടാകുമെന്ന ആശങ്കയുണ്ട്, അവിടെ സർക്കാർ സേനയും റഷ്യൻ പിന്തുണയുള്ള വിഘടനവാദികളും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഇതിനകം 14,000 പേർ കൊല്ലപ്പെട്ടു.

ഉക്രെയ്നിന്റെ അതിർത്തിയിൽ ഏകദേശം 100,000 സൈനികരെ റഷ്യ വിന്യസിച്ചിട്ടുണ്ട് , എന്നാൽ യുദ്ധ സാധ്യത റഷ്യ നിഷേധിച്ചിട്ടുണ്ട് . അതിനുപകരം, റഷ്യ ആക്രമണത്തിന്റെ ലക്ഷ്യമാണെന്നതിന്റെ തെളിവായി അതിന്റെ സൈനിക ശക്തിയോടുള്ള പാശ്ചാത്യ പ്രതികരണത്തെ അത് ഉദ്ധരിച്ചു.



# ഈ ക്രൂരത ഒരിക്കലും ആവർത്തിക്കരുത് : പാപ്പ

വ്യാഴാഴ്ച അന്താരാഷ്ട്ര വംശഹത്യാ അനുസ്മരണ ദിനം വ്യഴാഴ്ച ലോകം ആചരിച്ചു , നാസി ഭരണകൂടത്തിന്റെ കൈകളാൽ കൊല്ലപ്പെട്ട ദശലക്ഷക്കണക്കിന് ആളുകളെ, പ്രത്യേകിച്ച് യഹൂദരെ കുറിച്ച് യുവതലമുറയെ ഓർമ്മിപ്പിക്കാൻ ഫ്രാൻസിസ് പാപ്പ കുടുംബങ്ങളോട് അഭ്യർത്ഥിച്ചു. "ഈ പറഞ്ഞറിയിക്കാനാവാത്ത ക്രൂരത ഒരിക്കലും ആവർത്തിക്കരുത്." ബുധനാഴ്ച പൊതു സദസ്സിന്റെ അവസാനത്തിൽ, ഷോവ എന്നറിയപ്പെടുന്ന വംശഹത്യയുടെ ഭീകരതകൾ ഓർമ്മിപ്പിക്കാൻ ലോകത്തോട് ആഹ്വാനം ചെയ്യാനാണ്


ഈ ദിനാചരണം. 1945 ജനുവരി 27-ന് ഓഷ്വിറ്റ്സ്-ബിർകെനൗ ഡെത്ത് ക്യാമ്പിന്റെ വിമോചന ദിനത്തിലാണ് അന്താരാഷ്ട്ര വംശഹത്യാ അനുസ്മരണ ദിനം ആചരിക്കുന്നത് ദശലക്ഷക്കണക്കിന് യഹൂദന്മാരെയും വിവിധ ദേശീയതകളിലും മതവിശ്വാസങ്ങളിലും പെട്ടവരെയും ഉന്മൂലനം ചെയ്ത കാര്യം ലോകം ഓർമ്മിക്കണമെന്ന് മാർപാപ്പ പറഞ്ഞു.

യൂറോപ്പിലെ ഏകദേശം 6 ദശലക്ഷം യഹൂദന്മാരെ അല്ലെങ്കിൽ ഭൂഖണ്ഡത്തിലെ യഹൂദ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗത്തേയും നാസി ഭരണകൂടം കൈകളാൽ വംശഹത്യനടത്തിയതിൽ പാപ്പ ദുഃഖം രേഖപ്പെടുത്തി. "ഇത് കഷ്ടപ്പെടുന്ന ഒരു ജനതയാണ്. അവർ പട്ടിണിയും വലിയ ക്രൂരതയും അനുഭവിച്ചു, അവർ സമാധാനത്തിന് അർഹരാണ് - പാപ്പ പറഞ്ഞു.



# സഭൈക്യപ്രാർത്ഥനാവാരം സമാപിച്ചു

സഭൈക്യത്തിനായുള്ള ഐക്യത്തിനായുള്ള പ്രാർത്ഥനാ വാരത്തിന്റെ സമാപനത്തോടനുബന്ധിച്ച് സെന്റ് പോൾസിന്റെ ബസിലിക്കയിൽ സെന്റ് പോൾസിന്റെ മാനസാന്തരത്തിന്റെ ആഘോഷവേളയിൽ ഫ്രാൻസിസ് മാർപാപ്പ അധ്യക്ഷത വഹിച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയാർക്കേറ്റ്, കാന്റർബറി ആർച്ച് ബിഷപ്പ്, മറ്റ് ക്രിസ്ത്യൻ പള്ളികൾ, സഭാ സമൂഹങ്ങൾ എന്നിവയുടെ പ്രതിനിധികൾ ക്രിസ്ത്യൻ ഐക്യദാർഢ്യ വാരാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന എക്യുമെനിക്കൽ കൃതജ്ഞതാ പ്രാർത്ഥനാ ശുശ്രൂഷയിൽ ഫ്രാൻസിസ് മാർപാപ്പയ്ക്കൊപ്പം സെന്റ് പോൾസ് ഔട്ട്സൈഡ് ദി വാൾസ് ബസിലിക്കയിൽ പങ്കാളികളായി.




# മനോരോഗികളും മനുഷ്യരാണ്!

വാർത്ത

**ആന്റണി ചടയംമുറി**

സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറ്റി എന്നൊരു പ്രസ്ഥാനം 2021-ൽ ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ രൂപീകരിച്ചിരുന്നു. മനോരോഗികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നുണ്ടോയെന്നറിയാനുള്ള ഈ അതോറ്റിയിലെ ഒരംഗം എറണാകുളം മെഡിക്കൽ ട്രസ്റ്റിലെ മനോരോഗ വിദഗ്ധൻ ഡോ.സി.ജെ. ജോണാണ്. മെന്റൽ കെയർ ആക്ടിലെ 56-ാം വകുപ്പ് പ്രകാരമാണ് ഇത്തരമൊരു അതോറ്റി രൂപീകൃതമായത്. വർഷത്തിൽ നാല് തവണ അതോറ്റി യോഗം ചേരണമെന്നതാണ് നിർബന്ധനയെങ്കിലും ഇതുവരെ ഇത്തരമൊരു യോഗം ചേർന്നിട്ടേയില്ല. അതോറിറ്റി അംഗങ്ങളെ കണ്ടെത്താനുള്ള കമ്മിറ്റിയിലുള്ളത് രണ്ട് അണ്ടർസെക്രട്ടറിമാരും ഈ ചികിത്സാരംഗവുമായി ബന്ധമില്ലാത്ത മറ്റൊരു ഡോക്ടറുമാണ്. കോവിഡ് പ്രതിസന്ധിയും മനോരോഗങ്ങളുടെ വർധനവും കണക്കിലെടുത്ത് ഈ അതോറിറ്റി സംബന്ധിച്ച ഒരു നടപടിയും സർക്കാർ തലത്തിൽ ഇനിയും സ്വീകരിച്ചിട്ടില്ല. മനോരോഗചികിത്സ പോലും നമ്മുടെ നാട്ടിൽ വേണ്ട വിധം നടക്കുന്നില്ല. അപ്പോഴാണ് മനോരോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സംവിധാനം പോലും നമ്മുടെ നാട്ടിൽ മുടന്തിനീങ്ങുന്നത് !

ചിന്ത

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകൂ എന്നത് പരമമായ സത്യമാണ് മനസ്സും ശരീരവും തമ്മിൽ ഒഴിവാക്കാൻ വയ്യാത്ത ഒരു ബന്ധമുണ്ട്.
**മഹാത്മാഗാന്ധി** (അടിസ്ഥാന കൃതികൾ, വാല്യം 3 )



# കിഴക്കിന്റെ ലൂർദിൽ പള്ളിക്കുന്ന് ലൂർദ് മാതാവിന്റെ തിരുനാൾ



## 2022 ഫെബ്രുവരി 2 മുതൽ 18 വരെ

## പ്രധാന തിരുനാൾ ദിനങ്ങൾ
## 10, 11, 12, 13

**റവ.ഡോ. അലോഷ്യസ് കുളങ്ങര നയിക്കുന്ന ശുശ്രൂഷകൾ**



**എല്ലാ ശനിയാഴ്ചകളിലും**
**9.00 am to 12.30 pm**
- രോഗശാന്തി ശുശ്രൂഷ
- ഡെലിവറൻസ് ശുശ്രൂഷ
- കുർബാന, നൊവേന

**മാസാദ്യവെള്ളി**
**NIGHT VIGIL 5.00 PM**
- ജെറിക്കോ പ്രാർത്ഥന
- ഡെലിവറൻസ് ശുശ്രൂഷ
- കുർബാന

2022 മെയ് മുതൽ **എല്ലാ ചൊവ്വാഴ്ചകളിലും 9.30 am to 3.30 pm**
■ ഉടമ്പടി പ്രാർത്ഥന ■ കുരുക്കഴിക്കുന്ന ശുശ്രൂഷ ■ വചന പ്രഘോഷണം ■ കുർബാന

ക്രിസ്തുവിൽ സ്നേഹമുള്ളവരേ,

കിഴക്കിന്റെ ലൂർദ് എന്നറിയപ്പെടുന്ന മലബാറിലെ പ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ പള്ളിക്കുന്ന് ലൂർദ്മാതാദേവാലയത്തിന്റെ 114-ാം വാർഷിക തിരുനാൾ മഹോത്സവം 2022 ഫെബ്രുവരി 2 മുതൽ 18 വരെ സാഘോഷം കൊണ്ടാടുകയാണ്. 1908-ൽ വയനാട്ടിലെത്തിയ ഫ്രഞ്ച് മിഷനറി റവ. ഫാ. ആർമെണ്ട് ഷാങ്മാരി ജെഫ്രിനോ സ്ഥാപിച്ച ഈ ദേവാലയത്തിൽ ജാതിമതഭേദമെന്യേ ഭക്തജനങ്ങൾ പരിശുദ്ധ അമ്മയുടെ അനുഗ്രഹം തേടിയെത്തുന്നു. സൗഖ്യദായികയായ പരിശുദ്ധ ലൂർദ് മാതാവിന്റെ അനുഗ്രഹാശിസ്സുകളാൽ ധന്യരാകുവാൻ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**തിരുനാൾ ആശംസകളോടെ**



റവ: ഡോ. അലോഷ്യസ് കുളങ്ങര
(ഇടവക വികാരി)



റവ: ഫാ. റിജോയ് പാത്തിവയൽ
(സഹവികാരി)




വെരി റവ: ഡോ. തോമസ് പനയ്ക്കൽ
(മുൻ വികാരി ജനറൽ)

**പാരിഷ് പാസ്റ്ററൽ കൗൺസിൽ & ഇടവകാംഗങ്ങൾ**

## തീർത്ഥാടകരുടെ ശ്രദ്ധയ്ക്ക്

- ഫെബ്രുവരി 03 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ രാവിലെ 6.30 ന് ജപമാല, ദിവ്യബലി കൂടാതെ 10, 12, 03 മണിക്കും ദിവ്യബലി ഉണ്ടായിരിക്കും.
- തിരുനാൾ ദിവസങ്ങളിൽ അടിമവെയ്ക്കുന്നതിനും, കുർബ്ബാന പണം നൽകുന്നതിനും, വഴിപാടുകൾക്കും സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
- 10, 11, 12, 13 തിയ്യതികളിൽ കെ.എസ്.ആർ. ടി. സി. ബസ്സുകൾ സ്പെഷ്യൽ സർവ്വീസ് നടത്തുന്നതാണ്.
- വൊളണ്ടിയർമാരോടും പോലീസ് ഉദ്യോഗസ്ഥരോടും സഹകരിക്കുക.
- ഫെബ്രുവരി 2ന് ബുധനാഴ്ച 10 മണി മുതൽ ഗവൺമെന്റ് ഓർഡർ അനുസരിച്ചായിരിക്കും കച്ചവടത്തിനുള്ള സ്ഥലം ലേലം ചെയ്ത് നൽകുന്നത്.
- പ്ലാസ്റ്റിക് കവറുകളും, കുപ്പികളും തിരുനാളിന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
- ദേവാലയവും പരിസരവും സി.സി.ടി.വി.ക്യാമറ നിരീക്ഷണത്തിലായിരിക്കും.
- മാസ്ക് ധരിക്കുക, കൈകഴുകുക, അകലം പാലിക്കുക എന്നീ കോവിഡ് പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.
- പള്ളിക്ക് പുറകുവശത്ത് വാഹനങ്ങൾ പാർക്കു ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കും.
- തിരുനാൾ ദിവസങ്ങളിലെ എല്ലാതിരുകർമ്മങ്ങളും കോവിഡ് പ്രോട്ടോകോൾ അനുസരിച്ചായിരിക്കും.
- പള്ളിമുറ്റത്ത് കച്ചവടം ചെയ്യാൻ അനുവദിക്കുന്നതല്ല.
- ഫെബ്രുവരി 2-ാം തിയ്യതി മുതൽ പൂപ്പന്തലിൽ നേർച്ച കാഴ്ചകൾ സമർപ്പിക്കാൻ സൗകര്യം ഉണ്ടായിരിക്കും.
- തീർത്ഥാടകർ അവരുടെ വ്യക്തിപരമായ വസ്തുവകകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

RN 55178/94
Total Pages 44 Date of Publication 05-02-2022




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.